# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4151 — 12.11.2019-ൽ മറുപടിയ്ക്ക്

<u>കെ.എസ്.എഫ്.ഇ.യുടെ ഹെഡ് ഓഫീസ് നവീകരണം</u>

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ് ഇ.യുടെ ഹെഡ് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ. -യുടെ ഹെഡ്ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 13.48 കോടി രൂപയുടെ കരാറാണ് നൽകിയിട്ടുള്ളത്. ആയതിൽ 7.95 കോടി രൂപ ഇതുവരെ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക നൽകിയതെന്ന് വെളിപ്പെടുത്താമോ; | (ബി) | അന്തിമ ബില്ലുകൾ നിലവിൽ ലഭിച്ചിട്ടില്ല. ആയതിനാൽ 7.95 കോടി രൂപ അഡ്വാൻസ് ഇനത്തിലാണ് നൽകിയിട്ടുള്ളത്. |
| (സി) | ടെൻഡർ ക്ഷണിച്ചാണോ പ്രസ്തുത പ്രവൃത്തിയ്ക്ക് കരാർ നൽകിയത്; ഇല്ലെങ്കിൽ ടെൻഡർ ക്ഷണിക്കാതിരുന്ന തിന് കാരണം വ്യക്തമാക്കുമോ? | (സി) | ജി.ഒ (പി) 122/2017 ഫിൻ തീയതി 18.09.2017, ജി.ഒ (പി) 95/2017 ഫിൻ തീയതി 25.07.2017 എന്നീ ഉത്തരവുകളുടെ പിൻബലത്തിൽ ആണ് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ